# ST. THOMAS LPS KOMALLOOR CHUNAKKARA

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തലാണ് നമ്മുടെ ലക്ഷ്യം. അതിനുള്ള പഠനാന്തരീക്ഷവും പഠനസഹായകസംവിധാനങ്ങളും പരിസരവും വിദ്യാലയത്തിൽ രൂപപ്പെടുത്തുന്നതിന് പൊതുസമൂഹത്തിന്റെ ക്രിയാത്മകമായ പങ്കാളിത്തം വേണം. വിദ്യാലയത്തിന്റെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തണം. പാഠ്യപദ്ധതി വിനിമയം ഫലപ്രദമാക്കണം. സമൂഹവുമായുള്ള ജൈവബന്ധം വിദ്യാലയത്തിലെ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും വിദ്യാർത്ഥികളുടെ സമഗ്രവികസനത്തിനാവശ്യമായ പ്രവർത്തനങ്ങൾ ഈസൂത്രണം ചെയ്യുന്നതിനും വിദ്യാലയത്തെ സഹായിക്കുന്നു. പൊതുവിദ്യാലയം നാടിന്റെ സമ്പത്താണെന്ന ബോദ്ധ്യം ജനമനസ്സിൽ ഉണ്ടാക്കിക്കൊയുക്കുക. ഹരിതകേരളവുമായി ബന്ധപ്പെട്ട് പ്ലാസ്റ്റിക്ക് വിമുക്തഗ്രാമം എന്ന ആശയം ജനങ്ങളിൽ ഉണ്ടാക്കിയെടുക്കുക. കുട്ടികളുടെ അക്കാദമികനിലവാരവും അതുവഴി സ്കൂളിന്റെ നിലവാരവും പൊതുസമൂഹത്തെ ബോദ്ധ്യപ്പെടുത്തുക. അദ്ധ്യാപക രക്ഷകർതൃബന്ധം ഈടുറ്റതാക്കുന്നിനും, രക്ഷിതാവ് കുട്ടിയുടെ വിദ്യാഭ്യാസത്തിന്റെ ഒരു ഭാഗം ആണെന്ന തിരിച്ചറിവ് ബോദ്ധപ്പെടുന്നതിനും കൂട്ടായപ്രവർത്തനത്തിലൂടെ കുട്ടികൾ തങ്ങളുടെ മികവുകൾ മെച്ചപ്പെടുത്തുന്നതിനും അവസരം ഒരുക്കുക. കുട്ടികളുടെ കഴിവുകൾ പൊതുസമൂഹം തിരിച്ചറിയുന്നതിനും അതുവഴി വിദ്യാലയത്തിന്റെ സാമൂഹിക പങ്കാളിത്തം മെച്ചപ്പെടുത്തി സമഗ്രവികസനം സാധ്യമാക്കുക.

### ചരിത്രം

ചുനക്കര പഞ്ചായത്തിൽ കോമല്ലൂർ മുറിയിൽ സ്ഥിതിചെയ്യുന്ന ഒരു പ്രൈമറി വിദ്യാലയമാണിത്. 1961-ലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. പടിപ്പുരയ്ക്കൽ ശ്രീമാൻ പി. കെ. തോമസ് ആണ് ഈ സ്ഥാപനത്തിന്റെ സ്ഥാപകൻ. ഇത് സ്ഥാപിക്കാൻ അദ്ദേഹത്തിനോടൊപ്പം ശ്രമിച്ച ഒരു വ്യക്തിയാണ് കടുവിങ്കൽ ശ്രീമാൻ മത്തായി ശാമുവൽ. തുടക്കത്തിൽ ഇവിടെ 17 ഡിവിഷനുകളിലായി ഏകദേശം 450-ൽ പരം വിദ്യാർത്ഥികൾ പഠിച്ചിരുന്നു. മുസ്ലീം പ്രാതിനിധ്യം മുന്നിട്ട് നിൽക്കുന്ന ഒരു പ്രദേശമാണിത്. അതിനാൽ മുസ്ലീം കുട്ടികൾക്ക് അറബി പഠനത്തിനായി ഒരു അറബി ടീച്ചറും കൂടാതെ 17 അദ്ധ്യാപകരും ഇവിടെ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഹിന്ദു, ക്രിസ്ത്യൻ, മുസ്ലീം വിഭാഗത്തിൽ പെട്ട കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. സമീപ പ്രദേശത്തെങ്ങും വിദ്യാലയങ്ങൾ ഇല്ലാതിരുന്ന സാഹചര്യത്തിൽ ഈ പ്രദേശത്തെ കുട്ടികളുടെ

പഠനം നിലയ്ക്കാതെ കുട്ടികളുടെ സൗകര്യാനുസരണം സ്ഥാപിതമായ ഒരു വിദ്യാലയമാണിത്. പിന്നീട് സമീപ്രദേശത്ത് വന്നുചേർന്ന അൺ-എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനം മൂലവും കുടുംബാസൂത്രണം മൂലവും കുട്ടികൾ കുറഞ്ഞ് വന്നു. അതിനാൽ ഓരോ ഡിവിഷനിലായി 1, 2, 3, 4 ക്ലാസ്സുകൾ നടക്കുന്നു.

ശ്രീമാൻ തോമസ്സിൽ നിന്നും 1977-ൽ ശ്രീമാൻ മത്തായി ശാമുവൽ ഈ സ്കൂൾ ഏറ്റെടുത്തു. 2000-01-ലോടെ ആദ്യകാല അധ്യാപകരെല്ലാം വിരമിച്ചു. ഇവരുടെ തസ്തികകളിലേയ്ക്ക് അറബി ഉൾപ്പടെ അഞ്ച് അധ്യാപകർ നിയമിതരായി. ശ്രീമാൻ മത്തായി ശാമുവലിന്റെ ദേഹവിയോഗത്തെത്തുടർന്ന് ശ്രീ. കെ. എസ്. അലക്സാണ്ടർ മാനേജരായി. പിന്നീട് കെ. എസ്. മത്തായി ആണ് ഈ വിദ്യാലയത്തിന്റെ മാനേജർ. 2017 - 18 ഇവിടെ 4 ഡിവിഷനുകളിലായി ഏകദേശം 45 കുട്ടികൾ പഠിക്കുന്നുണ്ട്. പ്രീപ്രൈമറി ക്ലാസ്സിൽ 42 കുട്ടികൾ പഠിക്കുന്നു. നല്ലരീതിയിൽ പ്രവർത്തിക്കുന്ന പ്രീപ്രൈമറി ഈ സ്കൂളിന്റെ അഭിമാനമാണ്.

2017 - 18 ഈ വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്ലാസ്സ് | I | II | III | IV | ആകെ |
|---|---|---|---|---|---|
| എണ്ണം | 16 | 10 | 8 | 11 | 45 |

## സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് പുത്തനുണർവ് പകർന്നുകൊണ്ട് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം അക്കാദമികവും ഭൗതികവുമായ മേഖലകളിൽ മുമ്പെങ്ങുമില്ലാത്ത മാറ്റങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഓരോ വിദ്യാർത്ഥിയുടെയും നൈസർഗ്ഗികമായ കഴിവുകളും അഭിരുചികളും വികസിപ്പിച്ചെടുത്ത് അവരെ മികവിലേക്കുയർത്താൻ സാധിച്ചാലേ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പൂർണ്ണമാകൂ. എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയത്തിലെത്തിക്കാൻ കഴിഞ്ഞെങ്കിലും എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുകയെന്നത് കേരളത്തിലെ വിദ്യാഭ്യാസരംഗം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. പാഠ്യപദ്ധതിയെ ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ കാലോചിതമായി പരിഷ്കരിച്ചുകൊണ്ടിരിക്കുന്നു. അറിവുനിർമ്മാണപ്രക്രിയയാണ് ക്ലാസ്സ്മുറികളിൽ നടക്കുന്നത്. കുട്ടിയെ വിദ്യാഭ്യാസ പ്രക്രിയയുടെ കേന്ദ്രസ്ഥാനത്തുനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു.

ഇത്തരത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ഓരോ കുട്ടിയുടെയും കഴിവും പോരായ്മകളും തിരിച്ചറിഞ്ഞ് അവർക്കുവേണ്ട പിന്തുണ നൽകുകയാണ് ലക്ഷ്യം. വിദ്യാഭ്യാസ അവകാശനിയമത്തെ മുൻനിർത്തി വിവരസാങ്കേതികവിദ്യയെ കൂട്ടുപിടിച്ച് സമൂഹത്തിൽ മൂല്യബോധമുള്ള പൗരന്മാരെ വാർത്തെടുക്കാനുത

കുന്ന ഭൗതിക ആക്കാദമിക സാഹചര്യങ്ങളെ ഒരുക്കുക എന്നതാണ് ഈ വിദ്യാലയത്തിന്റെ ലക്ഷ്യം.

ശുചിത്വമുള്ള ടോയ്‌ലറ്റുകൾ, ജൈവവളപ്ലാന്റ്, ജൈവവൈവിധ്യപാർക്ക് എന്നിവ നടപ്പില വാക്കും. സ്വച്ഛഭാരതം, ശുചിത്വ ഭാരതം എന്ന ആശയം കുട്ടികളിൽ വളർത്തുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടപ്പിലാക്കും.

## നിലവിലെ അവസ്ഥാവിശകലനം

സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്കുന്ന കുട്ടികളാണ് ഈ സ്കൂളിൽ പഠിക്കുന്നത്. പൊതുവിദ്യാലയത്തിലെ കുട്ടികൾ പരസ്യമായി ഇംഗ്ലീഷിൽ പൊതുസമൂഹവുമായി സംവദിക്കുന്നതിലൂടെ ഇംഗ്ലീഷ് പഠനത്തിന് പൊതുവിദ്യാലയം മതി എന്ന് സമൂഹത്തെ ബോധ്യപ്പെടുത്തുക. കുട്ടികളിൽ വായനാശീലം വളർത്തുന്നതിന് വിപുലമായ രീതിയിൽ ലൈബ്രറി പ്രയോജനപ്പെടുത്തുന്നു. മൂന്ന്, നാല് ക്ലാസ്സുകളിലെ കുട്ടികളിൽ ശാസ്ത്രഅവബോധം വളർത്തുന്നതിന് ലാബ്സൗകര്യം പ്രയോജനപ്പെടുത്തി പരീക്ഷണനിരീക്ഷണങ്ങൾ നടത്തുന്നു. സാമൂഹ്യപങ്കാളിത്തത്തോടെ ദിനാചരണങ്ങൾ വളരെ വിപുലമായ രീതിയിൽ നടത്തുന്നു. കുട്ടികളുടെ ഭാഷാശേഷി, ആശയവിനിമയം, ലേഖനം, സർഗാത്മകരചന എന്നിവ പരിപോഷിപ്പിക്കുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടത്തുന്നു. വർക്ക് ഷീറ്റുകൾ, ക്ലാസ്സിലെ ഫർണീച്ചറുകളും ചുമരുകളും പഠനപ്രവർത്തനങ്ങൾക്കിണങ്ങും വിധം ക്രമീകരിക്കൽ, സർഗാത്മകരചനയ്ക്ക് അവസരമൊരുക്കൽ എന്നിവയിലൂടെ വിദ്യാലയത്തെ മികച്ചതാക്കിത്തീർക്കുന്നു.

**അദ്ധ്യാപകർ 4**

| ക്ലാസ്സ് | വിഷയം | ചുമതലകൾ |
|---|---|---|
| ക്ലാസ്സ് 1 | എല്ലാ വിഷയങ്ങളും | SRG, വിദ്യാഭ്യാസരംഗം, മലയാളതിളക്കം |
| ക്ലാസ്സ് 2 | എല്ലാ വിഷയങ്ങളും | ഹെൽത്ത് ക്ലബ്, ജാഗ്രതാ ക്ലബ്ബ്, വാഹനം, ഡിസിപ്ലിൻ |
| ക്ലാസ്സ് 3 | എല്ലാ വിഷയങ്ങളും | ഗണിതക്ലബ്ബ്, സയൻസ് ക്ലബ്ബ് ദിനാചരണങ്ങൾ |
| ക്ലാസ്സ് 4 | എല്ലാ വിഷയങ്ങളും | ഇംഗ്ലീഷ് ക്ലബ്ബ്, അസംബ്ലി ലഹരിവിരുദ്ധ ക്ലബ്ബ് |

## പ്രശ്നങ്ങൾ, വെല്ലുവിളികൾ

ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത സ്കൂളിന്റെ വികസനത്തെ കാര്യക്ഷമമായി ബാധിക്കുന്നു. ഗവൺമെന്റ് ഫണ്ടുകളുടെ അപര്യാപ്തത മൂലം ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ സാധിക്കുന്നില്ല. സ്മാർട്ട്റൂമിന്റെ അഭാവം കുട്ടികളുടെ വരവിനെ സാരമായി ബാധിക്കുന്നു. ഇടച്ചുമരില്ലാത്ത ക്ലാസ്മുറികൾ പഠനത്തെ ബാധിക്കുന്നു. പൂർണ്ണമല്ലാത്ത ചുറ്റുമതിൽ, കളിക്കാനുള്ള ചിൽഡ്രൻസ് പാർക്ക് എന്നിവയുടെ അഭാവം കുട്ടികളുടെ വരവിനെ സാര

മായി കുറയ്ക്കുന്നു. സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ അഭാവം കുട്ടികളുടെ കലാകായികവാസ നകളെ പരിപോഷിപ്പിക്കുന്നതിന് തടസ്സമാകുന്നു. ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ റൂം, തുടങ്ങിയവ കാര്യക്ഷമമല്ലാത്തതും ഒരു വെല്ലുവിളിയാണ്. സ്കൂളിന്റെ തൊട്ടടുത്തുള്ള അൺഎയ്ഡഡ് സ്കൂളുകളുടെ ആധിക്യം കുട്ടികളുടെ എണ്ണം ഗണ്യമായി കുറയുന്നതിന് കാരണമാകുന്നു. മെച്ചപ്പെട്ട ഭൗതികസാഹചര്യങ്ങളുള്ള വിദ്യാലയങ്ങളിലേക്ക് കുട്ടികളെ അയയ്ക്കുന്നതിന് രക്ഷി താക്കൾ താൽപര്യം കാണിക്കുന്നു. പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സാമ്പ ത്തികപ്രതിസന്ധി പ്രധാന ഘടകമാണ്. സ്കൂൾ കെട്ടിടത്തിന്റെ ഇന്നത്തെ അവസ്ഥ കാലഘട്ട ത്തിനനുസരിച്ച് മാറ്റം വരാത്തത് കുട്ടികളെ ഇവിടേയ്ക്ക് വിടാനുള്ള രക്ഷിതാക്കളുടെ താത്പര്യം കുറയ്ക്കുന്നു. സ്കൂളിന് സ്വന്തമായി വാഹനം ഇല്ലാത്തതുകൊണ്ടും ഓട്ടോയിൽ കുട്ടികളെ വിടാൻ രക്ഷിതാക്കൾക്ക് താൽപര്യം ഇല്ലാത്തതും കുട്ടികളുടെ എണ്ണം കുറയ്ക്കുന്നു.

ഉച്ചഭക്ഷണം കഴിക്കാനുള്ള ഡൈനിംഗ്ഹാൾ ഇല്ലാത്തുതും വെല്ലുവിളിയാണ്. എല്ലാ ക്ലാ സ്സിലും കമ്പ്യൂട്ടറുകളും പ്രൊജക്ടറുകളും ഇല്ലാത്തതിനാൽ കുട്ടികളുടെ പഠനത്തെ സാരമായി ബാധിക്കുന്നു. ഫർണച്ചറുകളുടെ അഭാവം സ്കൂൾ പഠനമേഖലയെ ബാധിക്കുന്നു. ഭിന്നശേഷി ക്കാരായ കുട്ടികളുടെ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ പരിമിതമാണ്.

## പദ്ധതി രൂപീകരണ പ്രക്രിയ

PTA, SRG, SSG എന്നിവയുടെ നേതൃത്വത്തിൽ പദ്ധതി രൂപീകരണം നടത്തി. അതിനുശേഷം PTA ജനറൽ ബോഡിയിൽ അവതരിപ്പിച്ച് ചർച്ചകൾ നടത്തി കുറ്റമറ്റതാക്കിത്തീർത്തു.

## അക്കാദമി ആസൂത്രണം

### പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷി കൾ കൈവരിച്ചു എന്ന് ഉറപ്പാക്കും.
- ഓരോഘട്ടം പൂർത്തിയാകുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാ റാക്കി അച്ചടിച്ച് രക്ഷകർത്താക്കളടക്കമുള്ള സമൂഹത്തെ അറിയിക്കും.
- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ്, മലയാളം ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴു താനുമുള്ള കഴിവ് ഉറപ്പ് വരുത്തും.
- ഗണിതത്തിലെ അടിസ്ഥാനക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പ് വരുത്തും.
- ശാസ്ത്രസംബന്ധമായ പ്രക്രിയശേഷികൾ എല്ലാകുട്ടികളും നേടി എന്ന് ഉറപ്പുവരുത്തും.
- ഒരു സാമൂഹ്യജീവി എന്ന നിലയിൽ സമൂഹത്തിലെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കും.

**അക്കാദമികം : മാതൃഭാഷ**

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്നും എഴുതുന്നു എന്നും ഉറപ്പു വരുത്തുക.
- എല്ലാ കുട്ടുകളും ഓരോ പ്രായഘട്ടത്തിനും അനുയോജ്യമാംവിധം മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്നുറപ്പാക്കുക.
- കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക
- സർഗാത്മകരചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക
- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക
- ഭിന്ന ശേഷിക്കാരായ കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനുവേണ്ടി അക്ഷര കാർഡ്, ചിത്രങ്ങൾ, പദകാർഡ്, ഐ. സി. റ്റി. എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

| പ്രവർത്തനം | പിന്തുണ | സമയം | ഭൗതികസാഹചര്യം |
|---|---|---|---|
| വായനാക്കൂട്ടം രൂപീകരണം<br>വായനാമൂലക്ലാസ്സ് ലൈബ്രറി ഒരുക്കൽ<br>വായനോത്സവം സംഘടിപ്പിക്കൽ<br>അമ്മവായന<br>പുസ്തകചർച്ച<br>വായനാനുഭവം പങ്കുവെയ്ക്കൽ<br>വായനാകുറിപ്പ് തയ്യാറാക്കൽ<br>പതിപ്പുകളാക്കൽ<br>വായനാസാമഗ്രികൾ (കഥ, കവിത......) വികസിപ്പിക്കൽ | രക്ഷകർത്താവ്<br>അദ്ധ്യാപകർ<br>പി. ടി. എ.<br>രക്ഷിതാക്കൾ | അക്കാദമിക വർഷം മുഴുവൻ | ക്ലാസ്സ് റൂം<br>ലൈബ്രറി |

## ഇംഗ്ലീഷ്

### ലക്ഷ്യങ്ങൾ

- ഇംഗ്ലീഷിൽ നിർഭയമായി ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക
- സ്വതന്ത്രവായനയ്ക്ക് അവസരമൊരുക്കുക
- സ്വതന്ത്രമായ എഴുത്തിന് അവസരമൊരുക്കുക
- സാങ്കേതികവിദ്യ സാധ്യതകൾ പ്രയോജനപ്പെടുത്തി ഇംഗ്ലീഷ് കമ്പ്യൂട്ടിംഗ് പരിശീലനം

### പ്രവർത്തനങ്ങൾ

- വിദ്യാർത്ഥികൾക്ക് Skit, Roleplay, drama, etc. തുടങ്ങിയവ അവതരിപ്പിക്കുന്നതിന് അനുയോജ്യമായ രീതിയിൽ റീഡേഴ്സ് തീയേറ്റർ സജ്ജമാക്കുന്നു.

  കാലാവധി - 1 വർഷം

  പിന്തുണ - എസ്. എം. സി, എസ്. എസ്. എ., അദ്ധ്യാപകർ
- കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ പ്രാധാന്യം നൽകാൻ വേണ്ടി ആഴ്ചയിൽ 2 മണിക്കൂർ പരിശീലനം നൽകുന്നു.
- കുട്ടികളുടെ നിലവാരം അനുസരിച്ച് പുസ്തകങ്ങൾ ക്രമീകരിച്ച് ക്ലാസ്സ് ലൈബ്രറി സജ്ജീകരിക്കുന്നു. ആഴ്ചയിൽ ഒരു ദിവസം ഉച്ചയ്ക്ക് അര മണിക്കൂർ പുസ്തകവായനയ്ക്ക് സമയം കണ്ടെത്തുന്നു.
- ഇംഗ്ലീഷ് ബ്ലോഗ് സന്ദർശിച്ച് വായനാസാമഗ്രികൾ കണ്ടെത്തുന്നു.
- ഇംഗ്ലീഷ് പീരിയിഡുകളിൽ ആഴ്ചയിൽ മൂന്നു ദിവസം ക്ലാസ്സ് അസംബ്ലി സംഘടിപ്പിക്കുന്നു.
- ആഴ്ചയിൽ രണ്ട് ദിവസം സ്റ്റോറീസ്, പിക്ച്ചർ സ്റ്റോറീസ് ഇവ വായിച്ച് കൊടുക്കാവുന്നതാണ്.
- ഹലോ ഇംഗ്ലീഷ് പരിപാടിയിലൂടെ പിന്നോക്കക്കാർക്ക് വേണ്ട പ്രോത്സാഹനം നൽകുന്നു.
- റീഡ്ഴ്സ് കോർണർ ക്ലാസ്സ് മുറികളിൽ സജ്ജീകരിക്കുന്നു.
- ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനുവേണ്ടി Picture Activity, Alphabetic Card, Roleplay, I. C. T. സാദ്ധ്യത എന്നിവ ഉവയോഗപ്പെടുത്തി പ്രവർത്തനങ്ങൾ നടത്തുന്നു.

## ഗണിതം

### ലക്ഷ്യങ്ങൾ

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
3. ഓരോ പ്രദേശകത്തിന്റെയും തനത് ഗണിതരീതികളെ പരിചയപ്പെടുത്തുക
4. ഓരോ പ്രായഘട്ടത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക
5. ആധുനിക സാങ്കേതിക വിദ്യ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക

### പ്രവർത്തനങ്ങൾ

1. ഗണിതത്തിലെ അടിസ്ഥാനക്രിയകൾ ഉറപ്പാക്കുന്നതിനായി നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നല്കുന്നു. മഞ്ചാടി മുത്തുകൾ ഉപയോഗിച്ചുള്ള പ്രവർത്തനം ഓരോ ക്ലാസ്സിലേയും കുട്ടികളുടെ എണ്ണം കണക്കാക്കൽ, ഉച്ചഭക്ഷണത്തിന്റെ ഒരാഴ്ചത്തെ കണക്ക് ധനവിനിമയം എന്നിവ കണക്കാക്കുന്നതിനുള്ള സാഹചര്യങ്ങൾ ക്ലാസ്സ് നിലവാരമനുസരിച്ച് നൽകുന്നു.
2. ക്ലാസ്സിലെ വസ്തുക്കളുടെ ലിസ്റ്റ് ചെയ്യിക്കുന്നു. ഓരോന്നിന്റെയും ആകൃതി കണ്ടെത്തുന്നു. ഇത്തരത്തിൽ ചുറ്റുപാടുകൾ നിരീക്ഷിച്ച് വ്യത്യസ്ത ആകൃതികൾ തിരിച്ചറിയുന്ന പ്രവർത്തനം നൽകുന്നു. ഇതിൽകൂടി ജ്യാമിതീയ രൂപങ്ങളുടെ ആശയം രൂപപ്പെടുത്തുന്നു.
3. രൂപങ്ങൾ നിർമ്മിക്കളൽ, അളക്കൽ (നിശ്ചിതപാഠഭാഗവുമായി ബന്ധപ്പെട്ട കാലയളവ്)
4. വീട്ടിൽ നിന്ന് സ്കൂളിലേക്ക് പുറപ്പെടുന്ന സമയം, സഞ്ചരിക്കാനെടുത്ത സമയം, സമയവുമായി ബന്ധപ്പെട്ട സാഹചര്യങ്ങൾ നൽകിയുള്ള പ്രവർത്തനം.
5. മനക്കണക്കിനുള്ള സാഹചര്യങ്ങൾ ദിവസം ഒന്നുവീതം നൽകി ഗണിതത്തിലെ താൽപര്യവും വേഗതയും വർദ്ധിപ്പിക്കുന്നു.

   ഗണിതലാബ് 2018 - 19 വർഷത്തെ പ്രവർത്തനമായി ഏറ്റെടുത്ത് ഗണിതപഠനം കൂടുതൽ എളുപ്പമാക്കാൻ ശ്രമിക്കും.
6. പിന്നോക്കം നിൽക്കുന്നവർക്കുവേണ്ടി ശ്രദ്ധയിലെ പ്രവർത്തനങ്ങൾ തുടർന്ന് നൽകുന്നു. ഐ. സി. റ്റി. സാദ്ധ്യത ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

## ശാസ്ത്രം

ഇലകൾ ശേഖരിച്ച് ഒട്ടിക്കൽ (ആൽബം) മരങ്ങളുടെ പേര് കണ്ടെത്തൽ, ഇലകളുടെ പദസൂര്യൻ. ഇവയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കൽ, ചുറ്റുപാടുമുള്ള മരങ്ങളുടെ പേരും ഉപയോഗങ്ങളും പട്ടികപ്പെടുത്തൽ.

ഇലകൾ ശേഖരിച്ച് ഒട്ടിക്കൽ (ആൽബം) മരങ്ങളുടെ പേര് കണ്ടെത്തൽ, ഇലകളുടെ പദ സൂര്യൻ ഇവകളെകുറിച്ച് കുറിപ്പ് തയ്യാറാക്കൽ, ചുറ്റുപാടുമുള്ള മരങ്ങളുടെ പേരും ഉപയോഗങ്ങളും പട്ടികപ്പെടുത്തൽ.

## മോണിറ്ററിംഗ്

വികസന പദ്ധതി സമഗ്രമായി പരിശോധിക്കുകയും പ്രവർത്തനങ്ങളുടെ പൂർവ്വാപര ക്രമം നിർണ്ണയിക്കുകയും വേണം. തുടർന്ന് വാർഷിക കലണ്ടർ തയ്യാറാക്കണം. ഒരു വർഷം നടക്കേണ്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നിശ്ചയിക്കണം. വാർഷിക കലണ്ടറിലെ ഓരോ മാസവും വരുന്ന പ്രവർത്തനങ്ങൾ ചേർന്ന് പ്രതിമാസ കലണ്ടർ തയ്യാറാക്കണം.

വിദ്യാലയവികസനസമിതി പ്രതിമാസം ചേർന്ന് തൻമാസത്തിൽ അതുവരെ നടന്ന പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണം. ഡി. ഇ. ഒ. ജില്ലാതലങ്ങളിൽ പ്രവർത്തന പുരോഗതി വിലയിരുത്തുകയും അടുത്തമാസത്തേക്കുള്ള പ്രവർത്തനകലണ്ടർ തയ്യാറാക്കുകയും വേണം.

ഓരോഘട്ടത്തിലും പ്രവർത്തനങ്ങളിൽ വരുന്ന മികവുകളും പരിമിതികളും തിരിച്ചറിഞ്ഞ് പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കി നടപ്പിലാക്കുകയും വേണം. എസ്. ആർ. ജി., പി. ടി. എ. വിഷയസമിതികൾ വിദ്യാലയവികസന പദ്ധതിക്ക് പ്രഥമ പരിഗണന നൽകണം. വിദ്യാലയത്തിലെ എല്ലാ സമിതികളുടേയും ആദ്യ അജണ്ട വിദ്യാലയവികസന പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനവും ആസൂത്രണവും ആയിരിക്കണം.

## ഉപസംഹാരം

അടുത്ത അഞ്ചുവർഷത്തേക്കുള്ള സമഗ്രമായ വികസനപദ്ധതിയാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ നിന്നും ഓരോവർഷത്തേക്കുമുള്ള പദ്ധതികൾ നിശ്ചിത വിഷയഗ്രൂപ്പുകൾ തെരഞ്ഞെടുത്ത് സൂക്ഷ്മതലത്തിൽ ആസൂത്രണം ചെയ്യണം. ഓരോ വർഷവും ആവശ്യമായ കൂട്ടിച്ചേർക്കലുകളും പുതിയപദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുകയും വേണ്ടി വരും. പ്രാദേശികവും കാലികവുമായ മാറ്റങ്ങൾക്ക് ഈ പദ്ധതി വഴങ്ങുന്നതാവണം.

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കൃത്യമായ ആസൂത്രണവും വിലയിരുത്തലും ഉറപ്പാക്കണം. ഫണ്ട് വിനിയോഗത്തിൽ കൃത്യതയുംസൂക്ഷ്മതയും സുതാര്യതയും ഉറപ്പാക്കണം. വിദ്യാലയത്തിലേക്ക് ഏതു സ്രോതസ്സിൽനിന്നു ഫണ്ട് ലഭിച്ചാലും നടപ്പിലാക്കുന്നത് വികസനപദ്ധതിയിലെ പ്രവർത്തനങ്ങളാവണം.

ജനകീയപങ്കാളിത്തത്തോടെ ഓരോ പദ്ധതിയും നടപ്പിലാക്കുന്നതിന് ആവശ്യമായ വിഭവവും വൈഭവവും കണ്ടെത്തണം. അഞ്ചുവർഷം കൊണ്ട് വിദ്യാലയത്തെ എല്ലാ തലത്തിലും ലോകനിലവാരത്തിലെത്തിക്കുന്നതിനുള്ള ശ്രമങ്ങളാണ് നാം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്.